**തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ**
**നടപടിക്രമം**

വിഷയം : മെ.വി.വ-ജീവനക്കാര്യം-കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ സീനിയോരിറ്റി പട്ടിക പ്രസിധീകരിക്കുന്നത്-സംബന്ധിച്ച്

സൂചന:
1. ഈ കാര്യാലയത്തിൽ നിന്നുള്ള 23.06.2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
2. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ 26.08.2022 തീയതിയിലെ ഇഎൻ1/30469/2016/ജി.എം.സി.റ്റി നമ്പർ കത്ത്
3. കാസർഗോഡ് സർക്കാർ മെഡിക്കൽകോളേജ് പ്രിൻസിപ്പലിന്റെ 29.06.2022 തീയതിയിലെ ഇ1/05/2020/ജി.എം.സി.കെ.എസ്.ജി.ഡി നമ്പർ കത്ത്
4. സ.ഉ(പി) നം.38/2014/പി&എ.ആർ.ഡി തീയതി:14.11.2014

**ഉത്തരവ് നമ്പർ ഇ5/2292 /2020/മെ.വി.വ തീയതി:19-12-2022**

മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ 30.05.2021 നു മുൻപായി സർവീസിൽ പ്രവേശിച്ച കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ കരട്ട സീനിയോരിറ്റി പട്ടിക സൂചന(1) പ്രകാരം പ്രസിധീകരിച്ചിരുന്നു.

ആയതിന്മേൽ സൂചന (2)&(3) പ്രകാരം ലഭ്യമായിരിക്കുന്ന പരാതികൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ , തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്II ആയിരുന്ന ശ്രീമതി.അഞ്ജു.പി.എ നിയമ സഭാ സെക്രട്ടറിയേറ്റിൽ കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരിക്കുന്നതിനാൽ, സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

അന്തർ വകുപ്പ് സ്ഥലം മാറ്റം മുഖേനെ വനം വകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കാസർഗോഡ് സർക്കാർ മെഡിക്കൽകോളേജിൽ കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.രമ്യ.കെ.എം ,വനം വകുപ്പിൽ ആസ്ഥാന ഒഴിവിൽ ജോലിയിൽ പ്രവേശിച്ചതിനാലും സ്വന്തം ജില്ലയായ കാസർഗോഡ് വനം വകുപ്പിന് ഓഫിസ് ഇല്ലാത്തതിനാലും അന്തർ വകുപ്പ് സ്ഥലമാറ്റം വഴി നിയമനം ലഭിച്ച മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ടിയാരിയുടെ പി എസ് സി ശുപാർശ തീയതിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പരിരക്ഷിച്ച നൽകണമെന്ന് അഭ്യർഥിച്ചിരിക്കുന്നു.

ജില്ലാ തല ലിസ്റ്റിൽ നിന്നും Head Quarters Vacancy യിൽ നിയമിതരാകുന്ന ജീവനക്കാർക്കു വകുപ്പിന് കീഴിൽ ജില്ലയിൽ Office/Post ഇല്ലാത്ത സാഹചര്യത്തിൽ , inter department transfer ലഭ്യമാകുന്ന പക്ഷം, ആദ്യ നിയമനം ലഭിച്ച അഡ്വൈസ് തീയതി കണക്കാക്കി സീനിയോറിറ്റി നൽകാവുന്നതാണെന്ന സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ, കാസർഗോഡ് ജില്ലയിൽ വനം വകുപ്പിന് കീഴിലുള്ള ഓഫീസിൽ CA തസ്തിക ഇല്ലാത്ത സാഹചര്യത്തിൽ അന്തർ വകുപ്പ് സ്ഥലം മാറ്റം വഴി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. രമ്യാ. കെ. എം നു ടിയാരിയുടെ ആദ്യ നിയമന ശുപാർശ തീയതി കണക്കാക്കി സീനിയോററ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നു.

മേൽപറഞ്ഞ പ്രകാരം മാറ്റം വരുത്തിയ കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ് സെലെക്ഷൻ ഗ്രേഡ്,സീനിയർ ഗ്രേഡ്, ഗ്രേഡ് I തസ്തികകളുടെ അന്തിമ സീനിയോരിറ്റി പട്ടികയും കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ൻറെ പുതുക്കിയ താൽക്കാലിക സീനിയോരിറ്റി പട്ടികയും ഇതോടൊപ്പം പ്രസിധീകരിക്കുന്നു. സ്ഥാപന മേധാവികൾ അവരുടെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ സീനിയോരിറ്റി പട്ടികയുടെ പകർപ്പ് പരസ്യപ്പെടുത്തേണ്ടതും ബന്ധപ്പെട്ട ജീവനക്കാർക്ക് പട്ടികയുടെ പകർപ്പ് നൽകേണ്ടതുമാണ്. കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ൻറെ സീനിയോരിറ്റി പട്ടിക സംബന്ധിച്ച് എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ആയത് സാധൂകരിക്കുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ബന്ധപ്പെട്ടവർ തങ്ങളുടെ സ്ഥാപനമേധാവികൾക്ക് സമർപ്പിക്കേണ്ടതും സ്ഥാപന മേധാവികൾ 01/12/2022 നു മുൻപായി അതിന്മേലുള്ള വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തി മെഡിക്കൽ വിദ്യഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. യഥാസമയം അപ്പീലുകൾ സമർപ്പിക്കാതെ അന്തിമ സീനിയോരിറ്റി പട്ടിക പ്രസ്ധീകരിച്ച ശേഷം ലഭിക്കുന്ന പരാതികൾ/ആക്ഷേപങ്ങൾ പിന്നീട് യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ലെന്നും ബന്ധപ്പെട്ടവരെ അറിയിച്ചു കൊള്ളുന്നു.

JAYA V V
SENIOR ADMINISTRATIVE OFFICER

**Signed by Jaya V V**
**Date: 19-12-2022 12:51:50**

പകർപ്പ്:

1. പ്രിൻസിപ്പൽ,സർക്കാർ മെഡിക്കൽ/ഡെന്റൽ/നഴ്സിംഗ് കോളേജ്,തിരുവനന്തപുരം,കൊല്ലം,പത്തനംതിട്ട,ആലപ്പുഴ,കോട്ടയം, എറണാകുളം,തൃശ്ശൂർ,കോഴിക്കോട്,മഞ്ചേരി,ഇടുക്കി,കാസർഗോഡ്,വയനാട്
2. ഡി.എം.ഇ വെബ്സൈറ്റ്/ഫയൽ/കരുതൽ ഫയൽ